DESPATCHED
On. 14/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP.96(2)/2022/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ 2047/എസ്.ഐ.സി-ജി6/2022)**

**സന്നിഹിതൻ**

**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. സൂസമ്മ ജെറോം,
സ്നേഹ നഗർ - 6,
വയൽപുരയിടം,
മൂതാക്കര, കച്ചേരി (പി.ഒ),കൊല്ലം - 691 013.
} ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കളക്ട്രേറ്റ് ,
കൊല്ലം.

2. അപ്പീൽ അധികാരി ,
കൊല്ലം കളക്ട്രേറ്റ്,
കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22/03/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 01/07/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി<br>കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 31/01/2022<br>02/02/2022 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 29/12/2022<br>കോൺഫറൻസ് ഹാൾ, കൊല്ലം കളക്ടറേറ്റ്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. സൂസമ്മ ജെറോം 31/01/222 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 02/02/2022 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 96(2)/2022/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 22/03/2021 തീയതി സമർപ്പിച്ച അപേക്ഷയിൽ 21/08/2017 തീയതി സമർപ്പിച്ച നമ്പർ 39406/2017 പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ ലഭ്യമാക്കണമെന്നാണ്.

4. 01/07/2021 തീയതി ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

5. 22/04/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, വിവരാവകാശ നിയമം 2005 പ്രകാരം ഹർജിക്കാരി ടി കാര്യാലയത്തിൽ 22/03/2021, 01/07/2021 തീയതികളിൽ യഥാക്രമം അപേക്ഷ, ഫസ്റ്റ് അപ്പീൽ എന്നിവ നൽകിയിട്ടുള്ളതാണെന്നും, എന്നാൽ അപ്പീൽ ഉൾപ്പെടെയുള്ള ടി അപേക്ഷകൾ ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അപ്പീൽ അധികാരി എന്നിവർ മുമ്പാകെ സമർപ്പിക്കുന്നതിൽ സെക്ഷൻ ക്ലാർക്ക് ശ്രീ. റിഷി മോൻ. എസ്. വീഴ്ച വരുത്തിയിട്ടുള്ളതായി പ്രഥമ ദൃഷ്ട്യ ബോധ്യപ്പെട്ടിട്ടുള്ളതും, ടിയാനെ ശിക്ഷണ നടപടി എന്ന നിലയിൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നുമാണ്. ടി വിഷയത്തിൽ ടി ക്ലാർക്ക് 20/04/2022-ലെ വിചാരണ വേളയിൽ വിശദീകരണം നൽകിയിട്ടുമുണ്ട്.

വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷ തീയതിയിലും(22/03/2021) അപ്പീൽ തീയതിയിലും(01/07/2021) പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി സേവനം ചെയ്തിരുന്നത് യഥാക്രമം ശ്രീ. രാധാകൃഷ്ണൻ നായർ. പി, ഹസൂർ ശിരസ്താദാർ & പബ്ലിക് ഇൻഫർമേഷൻ ഓഫീസർ(വിരമിച്ച), അലക്സ് കുട്ടി. എ.സി, ജൂനിയർ സൂപ്രണ്ട് (എം.എൽ) സെക്ഷൻ & പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നീ ഉദ്യോഗസ്ഥരാണെന്നും, ടി പബ്ലിക് ഇൻഫർ മേഷൻ ഓഫീസർമാർ മുമ്പാകെ വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷ,

അപ്പീൽ എന്നിവ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് ഫയൽ സമർപ്പിക്കാത്തതിനാൽ ടി ഓഫീസർമാർക്ക് യഥാസമയം നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതാണെന്നുമാണ്. ടി കാര്യാലയത്തിൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട രജിസറ്ററിൽ ചേർത്ത് നേരിട്ട് സെക്ഷൻ ക്ലാർക്കു ഒപ്പിട്ടു വാങ്ങി പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ഫയലാക്കി സമർപ്പിക്കുമ്പോൾ മാത്രമാണ് എസ്.പി.ഐ.ഒ കാണുന്നതെന്നും ഇങ്ങനെ ഫയൽ സമർപ്പിക്കുന്നതിൽ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് വീഴ്ച്ച വരുത്തിയിട്ടുള്ളതിനാൽ അപേക്ഷയിൽ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച്ച വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാകയാൽ ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**
AV